**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6288** **10-07-2024 - ൽ മറുപടിയ്ക്ക്**

**തൊണ്ടിമ്മൽ കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട തൊണ്ടിമ്മൽ കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപാലിറ്റിയിലെ തൊണ്ടിമ്മൽ കടവിൽ ഇരവഞ്ഞിപ്പുഴയ്ക്ക് കുറുകെയുള്ള റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം, കാർഷികാവശ്യത്തിനുള്ള വെള്ളത്തിന്റെയും കുടിവെള്ളത്തിന്റെയും ലഭ്യതക്കുറവ് പരിഹരിക്കുന്നതിനു വേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതി വഴി പ്രദേശത്തെ 600 ഹെക്ടറോളം വരുന്ന കാർഷിക വിളകൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതോടൊപ്പം തിരുവമ്പാടി, മുക്കം എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതുവഴി വാണിജ്യപരമായ പുരോഗതിയും ഉറപ്പുവരുത്താവുന്നതാണ്. |
| (ബി) | പദ്ധതി സംബന്ധിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (ബി) | സിവിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകൾ ഉൾപ്പെടുത്തി DPR തയ്യാറാക്കി വരുന്നു. ആയതു സർക്കാരിൽ ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സിവിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ എസ്റ്റിമേറ്റുകൾ ഉൾപ്പെടുത്തി DPR തയ്യാറാക്കി വരുന്നു. ആയതു സർക്കാരിൽ ലഭ്യമാകുന്ന മുറക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ